അലങ്കാര മത്സ്യക്കുഞ്ഞുങ്ങളുടെ ഉൽപ്പാദനവും വിതരണവും

87 [414] പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. പി. ടി. തോമസ്:
" ടി. എൻ. പ്രതാപൻ:
ശ്രീമതി മാലേത്തു സരളാദേവി:
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഫിഷറീസ് കോളേജ് അലങ്കാര മത്സ്യകുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്നുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം തരത്തിലുള്ള അലങ്കാര മത്സ്യക്കുഞ്ഞുങ്ങളെയാണ് ഇവിടെ ഉൽപ്പാദിപ്പിക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്നത്;

(സി) ഇക്കഴിഞ്ഞ രണ്ടു വർഷങ്ങളിൽ എന്തു വിലയ്ക്കുള്ള അലങ്കാര മത്സ്യക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കുവാനും വിൽക്കുവാനും കഴിഞ്ഞു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിദേശീയ അലങ്കാര മത്സ്യയിനങ്ങളായ പ്ലാറ്റി, സ്കോർഡ്, ടെയിൽ, മോളി, പേൾ ഗൗരാമി, ബ്ലൂ ഗൗരാമി, സക്കർ ക്യാറ്റ്ഫിഷ് തുടങ്ങിയവയും നമ്മുടെ തനതായ അലങ്കാര മത്സ്യയിനങ്ങളായ കൊടിപ്പരൽ, കല്ലുരുട്ടി, കറ്റോപ്ര, കോയ്മ തുടങ്ങിയവയും ഉൽപ്പാദിപ്പിച്ചുവരുന്നു.

(സി) ഇക്കഴിഞ്ഞ രണ്ട് വർഷങ്ങളിൽ 'ഏൺവൈൽ യു ലേൺ' എന്ന പദ്ധതിയിലൂടെ 3,668 രൂപയ്ക്കുള്ള മത്സ്യക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ച് വിൽപ്പന നടത്തിയിട്ടുണ്ട്.

കേരളാ ഫീഡ്സ് ലിമിറ്റഡിന്റെ പ്രൊഡക്ഷൻ കപ്പാസിറ്റി

88 [417] ശ്രീ. എഴുകോൺ നാരായണൻ:
" എം. എ. ചന്ദ്രശേഖരൻ:
" വർക്കല കഹാർ:
" എ. പി. അനിൽകുമാർ:
" പ്രയാർ ഗോപാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ ഫീഡ്സ് ലിമിറ്റഡിന്റെ പ്രൊഡക്ഷൻ കപ്പാസിറ്റി എത്രയാണ്;

LIBRARY ARCHIVES Kerala Legislative Assembly